## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 219 | 26/09/2016-ൽ മറുപടിക്ക്

# രോഗപ്രതിരോധവും സാന്ത്വന പരിചരണവും ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രോഗപ്രതിരോധവും സാന്ത്വന പരിചരണവും ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭാഗത്തു നിന്നും രോഗപ്രതിരോധത്തിനായി സംസ്ഥാനത്തൊട്ടാകെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. <u>സാർവ്വത്രിക പ്രതിരോധ പരിപാടി</u><br>ഭാരത സർക്കാരിന്റെ നിർദ്ദേശാനുസരണം നൽകി വരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടി കേരളത്തിലുടനീളം കാര്യക്ഷമമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും എല്ലാ ബുധനാഴ്ചകളിലും പ്രതിരോധ കുത്തിവെയ്പ്പ് പരിപാടി സംഘടിപ്പിക്കുന്നത് കൂടാതെ സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴിയും അംഗൻവാടികളേയും ഉൾപ്പെടുത്തി മാസത്തിൽ 4 എന്ന കണക്കിന് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്.<br>2. <u>മിഷൻ ഇന്ദ്രധനുസ്സ് പരിപാടി</u><br>ഭാരത സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണം രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിൽ പിന്നിൽ നിൽക്കുന്ന 201 ജില്ലകളെ ഉൾപ്പെടുത്തി കേരളത്തിലെ മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മിഷൻ ഇന്ദ്രധനുസ്സ് എന്ന പ്രതിരോധ കുത്തിവയ്പ്പ് ശാക്തീകരണ പരിപാടി ഒരു മാസത്തിൽ 7 ദിവസമെന്ന കണക്കിന് തുടർച്ചയായ 4 മാസം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഭാരത സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മീഡിയം ഫോക്കസ് ആയ 7 ജില്ലകളെ (എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ) ഉൾപ്പെടുത്തി ഒക്ടോബർ 7 മുതൽ 4 മാസത്തേയ്ക്ക് മിഷൻ ഇന്ദ്രധനുസ്സ് പരിപാടി സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | <u>3. സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടി</u><br>സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗികമായോ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ ഉള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രത്യേക പ്രതിരോധ കുത്തിവ്യ്പ്പ് ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><u>ജില്ലകളിൽ ഡിഫ്തീരിയ രോഗം പടർന്ന സാഹചര്യത്തിൽ സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ</u><br>സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് നിയന്ത്രിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും പദ്ധതികളും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഊർജ്ജിതമായി നടത്തിവരുന്നു<br>സംസ്ഥാനതലത്തിലും ജില്ലാതലത്തിലും റാപ്പിഡ് റെസ്പോണ്ടഡ് ടീം (ആർ.ആർ.ടി) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആരോഗ്യ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (STAGI-State Technical Advisory Group on Immunization) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.<br>രോഗബാധിത പ്രദേശങ്ങളിൽ ആവശ്യമായ റ്റി.ഡി വാക്സിൻ, എറിത്രോമൈസിൻ, ആന്റി ടോക്സിൻ എന്നിവ എത്തിച്ച് രോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>കൂടുതൽ കേസുകൾ വരാനുള്ള സാധ്യത കണക്കിലെടുത്ത് ബഹു. ആരോഗ്യ കുടുംബ ക്ഷേമ മന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ 07/07/2016 ന് അവലോകനയോഗം കൂടുകയുണ്ടായി. എം.എൽ.എമാർ, നഗരസഭ-പഞ്ചായത്ത് പ്രതിനിധികൾ, വിവിധ മതമേലധ്യക്ഷൻമാർ, ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, എന്നിവരുടെ നേതൃത്വത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. പ്രതിരോധ കുത്തിവയ്പ്പ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ നടന്ന മതനേതാക്കന്മാരുടെ സമ്മേളനത്തിൽ സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പ് നടപ്പിലാക്കാൻ മതനേതാക്കൾ ഒപ്പിട്ട പ്രതിജ്ഞ പ്രസിദ്ധപ്പെടുത്താൻ നടപടി എടുക്കുകയും ചെയ്തത് പ്രതിരോധ കുത്തിവയ്പ്പ് ശക്തമാക്കാൻ സഹായിച്ചു |

| | | | |
|---|---|---|---|
| | | | പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളെ കണ്ടെത്തി 3 മാസം കൊണ്ട് പൂർണ്ണമായി കുത്തിവയ്പ്പ് നൽകുവാനുള്ള ഊർജ്ജിത കർമ്മപദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു.<br>രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിവരുന്ന കുടുംബാംഗങ്ങൾക്ക് ആന്റി ബയോടിക് പ്രൊഫലാക്സിസും റ്റി.ഡി. വാക്സിനും നൽകിവരുന്നു.<br>ലൈൻലിസ്റ്റ് തയ്യാറാക്കി രോഗപ്രതിരോധത്തിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളെ കണ്ടെത്തി, പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് പൂർണ്ണമായും കുത്തിവയ്പ്പ് നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>സാന്ത്വന പരിചരണ രംഗത്ത് ഇപ്പോൾ നിലവിലുള്ള ത്രിതല സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ മുന്നോടിയായി സെക്കന്ററി കെയർ യൂണിറ്റുകൾ ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിൽ ശക്തിപ്പെടുത്തുന്നതിനും, പ്രൈമറി കെയർ യൂണിറ്റുകൾക്ക് പ്രത്യേക സഹായവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ പ്രത്യേക പദ്ധതിയ്ക്കും ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനുപുറമേ കോട്ടയം, കൊല്ലം, ഇടുക്കി ജില്ലകളിൽ പക്ഷാഘാത പുനരധിവാസ യൂണിറ്റുകൾ ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ